# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം –അമൃത.കെ, D/o ബാലൻ.സി,ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (Late),ജില്ലാ ജയിൽ,മാനന്തവാടി- ആശ്രിത നിമയനപ്രകാരം ജയിൽ വകുപ്പിൽ ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 10.08.2022 തീയതിയിലെ സ.ഉ.(കൈ)നം.166/2022/ആഭ്യന്തരം നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ. E4-14811/2021/PrHQ; തീയതി : 30-08-2022</u>**

മാനന്തവാടി ജില്ലാ ജയിലിൽ ഡെപ്യൂട്ടി പ്രിസൺ തസ്തികയിൽ സേവനത്തിലിരിക്കെ 18.07.2020 ന് മരണപ്പെട്ട ബാലൻ.സിയുടെ മകൾ ശ്രീമതി.കെ.അമൃതയ്ക്ക് ( കൈപ്പാടംകുന്ന് ഹൌസ്, മാനിക്കുനി, കാര്യമ്പാടി പി.ഒ,വൈത്തിരി,വയനാട് ,പിൻ -673 591 ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജയിൽ വകുപ്പിൽ വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ വയനാട് ജില്ലയിൽ ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശ പ്രകാരം സർക്കാർ ഉത്തരവ് നൽകിയിരിക്കുന്നു.
വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ജയിലിൽ ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ ഒഴിവു നിലവിലില്ലാത്തതിനാൽ ശ്രീമതി.കെ.അമൃതയ്ക്ക് തൊട്ടടുത്തുള്ള ജില്ലയായ കോഴിക്കോട് ജില്ലയിലെ ജില്ലാ ജയിലിൽ ഫീമെയിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിൽ നിലവിലെ ഒഴിവിൽ 27900-63700 ശമ്പള സ്കെയിലിൽ താല്കാലികമായി നിയമനം നൽകികൊണ്ടും നിലവിൽ കോഴിക്കോട് ജില്ലാ ജയിലിൽ വനിതാബ്ലോക്ക് പ്രവർത്തിക്കാത്തതിനാൽ ടിയാളെ മാനന്തവാടി ജില്ലാ ജയിൽ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.
ശ്രീമതി.കെ.അമൃത ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകളുമായി കോഴിക്കോട് ജില്ലാ ജയിൽ സൂപ്രണ്ട് മുമ്പാകെ ഹാജരാകേണ്ടതാണ്.

1. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, മേൽവിലാസം എന്നിവയുടെ ഒറിജിനൽ.
2. അടുത്തിടെ എടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.
3. 30.06.2016 തീയതിയിലെ GO (P) No.20/2011/P & ARD എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം, സർക്കാർ സിവിൽ സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഫോട്ടോയും, വിരലടയാളവും പതിച്ച മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്.
4. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോൺഡക്ട് സർട്ടിഫിക്കറ്റ്.

കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് റൂൾസ് 1958ലെ റൂൾ 3 (എ) 9 (എ) 10 (ബി)ക്ക് വിധേയമായി ടിയാന്റെ നിയമനം തികച്ചും താൽകാലികമായിരിക്കും. നിശ്ചിത സമയപരിധിക്കുള്ളിൽ ടിയാൻ ജോലിക്ക് ഹാജരാകാത്തപക്ഷം യാതൊരു അറിയിപ്പും കൂടാതെ ടിയാന്റെ നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: 1.ശ്രീമതി.കെ.അമൃത,
കൈപ്പാടംകുന്ന് ഹൌസ്, മാനിക്കുനി,
കാര്യമ്പാടി പി.ഒ,വൈത്തിരി,വയനാട് ,പിൻ -673 591

പകർപ്പ് : 2. സൂപ്രണ്ട്,
ജില്ലാ ജയിൽ കോഴിക്കോട്.(സർക്കാർ ഉത്തരവിന്റെ പകർപ്പും,
പ്രൊഫോർമയും സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരം
സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശേഷം ഉദ്യോഗാർത്ഥിയെ ജോലിയിൽ
പ്രവേശിപ്പിക്കേണ്ടതാണ്.)
3.സൂപ്രണ്ട്,
ജില്ലാ ജയിൽ മാനന്തവാടി